PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

First Session—1959.

(Second Meeting)



Wednesday, the 10th June 1959.

LIBRARY ARCHIVES Kerala Legislative Assembly

Vol. VII] **OFFICIAL REPORT** **[No. 72**

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Wednesday, the 10th June 1959 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the Number in the list of admitted questions for the day),

ORAL ANSWERS

അന്ധബധിര വിദ്യാലയങ്ങൾ.

* 1793. [1] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സ്റ്റേറിലെ അന്ധബധിര വിദ്യാലയങ്ങൾക്കായി, അന്ധബധിര ക്ഷേമഫണ്ടിൽനിന്നും വല്ല തുകയും കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഗ്രാൻറായി നൽകിയിട്ടുണ്ടോ;

(ബി) തുകയുണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾക്ക്;

(സി) കണ്ണംകുളം അന്ധബധിര വിദ്യാലയത്തിന് ഈ ഫണ്ടിൽനിന്നും എന്തെങ്കിലും ഗ്രാൻറ് കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) 1959 മാർച്ചുമാസത്തിൽ കൂടിയ അന്ധബധിരക്ഷേമ ഉപദേശക സമിതി കണ്ണംകുളം സ്കൂളിനു് എത്ര തുക ഗ്രാൻറ് കൊടുക്കണമെന്നാണ് തീരുമാനിച്ചതു്;

(ഇ) അതു കൊടുക്കാതിരിക്കാൻ കാരണമെന്തു്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) അന്ധബധിര വിദ്യാലയങ്ങൾക്കായി, അന്ധ ബ ധി ര ക്ഷേ മ ഫണ്ടിൽനിന്നും കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഗ്രാൻറു നൽകിയിട്ടില്ല.

(ബി, സി) തന്നിമിത്തം ചോദ്യം ഉദിക്കുന്നില്ല.

(ഡി) 1959 മാർച്ചുമാസത്തിൽ, അന്ധബധിരക്ഷേമ ഉപദേശക സമിതി കൂടിയിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. തലേക്കര കെ. കുഞ്ഞൻ: ഈ സമിതി കൂടിയിട്ട് എന്തെല്ലാം തീരുമാനം എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : തീരുമാനങ്ങൾ ഇതിൽ കാണുന്നില്ല ; അന്വേഷിച്ചു പറയാം.

ഹരിജൻ ഹോസ്റ്റൽ നിർമ്മാണം.

* 1794. [2] ശ്രീ. കെ. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറിൽ ഏതെല്ലാം ജില്ലകളിലാണ് ഹരിജൻ ഹോസ്റ്റലുകൾ നിർമ്മിക്കാൻ ഗവണ്മെൻറു തീരുമാനിച്ചത്;

(ബി) ഓരോ ഹോസ്റ്റലിനും നീക്കിവച്ച സംഖ്യ എത്ര;

(സി) പാലക്കാട്ടും, കണ്ണൂരും ഓരോ ഹോസ്റ്റൽ നിർമ്മിക്കുവാൻ ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻെറ പ്രവൃത്തിയുടെ പുരോഗതി എന്താണെന്നു പറയുമോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നീ മൂന്നു ജില്ലകളിൽ ഓരോ കോസ്മോ പോളിറ്റൻ ഹോസ്റ്റൽ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) മൂന്നു കോസ്മോ പോളിറ്റൻ ഹോസ്റ്റലുകൾക്കുംകൂടി 5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഓരോ ഹോസ്റ്റലിൻെറയും ചെലവിനെപ്പറ്റിയുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) പാലക്കാട്ടു ജില്ലയിൽ കോസ്മോ പോളിറ്റൻ ഹോസ്റ്റൽ നിർമ്മിക്കാൻ ആലോചനയൊന്നുമില്ല. കണ്ണൂർ ഡിസ്ട്രിക്റ്റിൽ പണിയാൻ ഉദ്ദേശിക്കുന്ന ഹോസ്റ്റലിനു് സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനു നടപടിയെടുത്തുവരുന്നു.

ശ്രീ. കെ. കുഞ്ഞമ്പു: കണ്ണൂർ ജില്ലയിൽ ഒരു ഹോസ്റ്റൽ പണിയാൻ തീരുമാനമെടുത്തതു് ഏതുകാലത്താണു്?

ശ്രീ. പി. കെ. ചാത്തൻ: 1957-58-ൽ തീരുമാനം എടുത്തതായിട്ടാണു് ഓർമ്മ. അതിനുവേണ്ട സ്ഥലം പൊന്നുംവിലയ്ക്കു് എടുത്തിട്ടു്, ചില തടസ്സങ്ങളും, പരാതികളും ഉണ്ടായതിൻെറ അടിസ്ഥാനത്തിലാണു് ഹോസ്റ്റൽപണി നീണ്ടുപോയിട്ടുള്ളതു്. അതിന്മേൽ അടിയന്തിര നടപടിയെടുക്കുന്നതിനു് ഉദ്യോഗസ്ഥന്മാരും, കളക്ടരുംകൂടി ആലോചിച്ചു്, ഒരു പരിശോധന നടത്തി, അതിൻെറ പണി ഇക്കൊല്ലംതന്നെ നടത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly